# പതിമൂന്നാം കേരള നിയമസഭ
# (പതിനാറാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1885** **16/02/2016-ൽ മറുപടിയ്ക്ക്**

## തീരദേശ റോഡുകൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ആർ. സെൽവരാജ്:**<br>**ശ്രീ. വി. പി. സജീന്ദ്രൻ:**<br>**ശ്രീ. പി. സി. വിഷ്ണുനാഥ്:**<br>**ശ്രീ. ഷാഫി പറമ്പിൽ:** | **ശ്രീ. കെ. ബാബു**<br>**(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി):** |
| എ) തീരദേശ റോഡുകൾ നിർമ്മിക്കാൻ കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | എ) ഉണ്ട്. തീരദേശറോഡുകൾ നിർമ്മിക്കുവാൻ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിൽ 2009-10 സാമ്പത്തിക വർഷം മുതൽ തീരദേശറോഡുകളുടെ നിലവാരം മെച്ചപ്പെടുത്തൽ പദ്ധതിയിൽ ഉൾപ്പെടുത്തി തീരദേശറോഡുകളുടെ നിർമ്മാണവും പുനരുദ്ധാരണവും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു. |
| ബി) എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | ബി) തീരദേശത്തെ പഞ്ചായത്തുകൾ, കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ, തീരദേശ വാർഡുകൾ, ഉൾനാടൻ മത്സ്യത്തൊഴിലാളികൾ പാർക്കുന്ന സ്ഥലങ്ങൾ, ഉൾനാടൻ മത്സ്യഗ്രാമങ്ങൾ, കായൽ/റിസർവോയർ തീരങ്ങൾ, സർക്കാർ വക മത്സ്യം വളർത്തൽ കേന്ദ്രങ്ങൾ എന്നിവിടങ്ങളിലൂടെ കടന്ന് പോകുന്ന റോഡുകളാണ് തീരദേശറോഡുകളുടെ നിലവാരം ഉയർത്തൽ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നത്. ടി തീരദേശറോഡുകളുടെ നിർമ്മാണം/ പുനരുദ്ധാരണത്തിലൂടെ അവിടുത്തെ മത്സ്യത്തൊഴിലാളികളുടെ യാത്രാസൗകര്യം സുഗമമാക്കുകയും തദ്വാര ജീവിതനിലവാരം മെച്ചപ്പെടുത്തുകയുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |
| സി) ഇത് നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്? | സി) എം. എൽ. എ/എം.പി/ മറ്റ് വിവിധ പ്രതിനിധികൾ ശുപാർശ ചെയ്യുന്ന റോഡുകൾക്ക് വകുപ്പുതലത്തിൽ തയ്യാറാക്കുന്ന എസ്റ്റിമേറ്റുകൾക്ക് സർക്കാർ ഭരണാനുമതി നൽകി പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. |

**സെക്ഷൻ ആഫീസർ**